ഹാനോക്കിന്റെ പുസ്തകത്തിൽ നിന്നുള്ള ഉദ്ധരണികൾ R.H ചാൾസിന്റെ ഭഷാന്തരത്തിൽനിന്നും (Book of Enoch, Oxford 1912) ഇംഗ്ലീഷ് പുസ്തകത്തിലെ ബൈബിൾ ഉദ്ധരണികൾ Inter National Bible Society യുടെ New Inter National Version നിൽ നിന്നും എടുത്തിട്ടുള്ളതാണ്.


വിവർത്തകൻ,
**മാത്യുസ് പള്ളിവാതുക്കൽ,**
**ഡോറിയാ ഹോം,**
**മൊയ്നാബാദ്**


Printed at

**Printland Publishers**
Hyderabad - 500 001


**Local Address**

↓



# The Angels that Sinned

**“Slandering celestial beings”**

**Stevan Cox**

മലയാള വിവർത്തനം
**മാത്യൂസ് പള്ളിവാതുക്കൽ**

**A**

**Christadelphian**

**Publication**

**The Christadelphians**
GPO Box 159
Hyderabad 500 001
AP., India



**ഉള്ളടക്കം**

*1.* പത്രോസിന്റെയും യൂദായുടേയും കാലയളവിലെ സാധാരണ വിശ്വാസം.
2. പത്രോസ്, യൂദാ, ഹാനോക്ക്.
3. പത്രോസ് ഒന്നാം അദ്ധ്യായം 16 മുതൽ മൂന്നാം അദ്ധ്യായം 2 വരെ.

# പാപം ചെയ്ത ദൂതന്മാർ

## സ്റ്റീവൻ കോക്സ്

## പ്രാരംഭം

ഈ പുസ്തകത്തിൽ **"പാപം ചെയ്ത ദൂതന്മാർ"** (2 പത്രോ. 2:4, യൂദാ. 6) എന്ന വിഷയത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. രണ്ടാമത്തെ ഹെഡ്ഡിങ്ങ്, 2 പത്രോസ് 2ന്റെ 10 ൽ നിന്നും യൂദായുടെ ലേഖനം 8ാം വാക്യത്തിൽനിന്നും എടുത്തിട്ടുള്ളതാണ് ഇവിടെ ആദിമ സഭയെ ഉപദ്രവിച്ചുകൊണ്ടിരുന്ന ദുരുപദേശക്കാരെ ന്യായം വിധിക്കുന്നതാണ് വിഷയം. ദൂഷണം പറയുക (To Slander) എന്നു വച്ചാൽ തെറ്റായി വിധിക്കുക എന്നർത്ഥം. പാപം ചെയ്ത ദൂതൻമാരും സ്വർഗ്ഗീയ ദൂതൻമാരെ കുറ്റംവിധിച്ച ഉപദേഷ്ടാക്കൻമാരും അന്യോന്യം ബന്ധപ്പെട്ട വിഷയങ്ങൾ തന്നെ. ഈ ചെറു പുസ്തകത്തിൽ ആ ബന്ധം ആണ് പരിശോധിക്കുന്നത്. തുടക്കത്തിൽ തന്നെ വായനക്കാർക്ക് ഒരു മുന്നറിയിപ്പ്!.

ഈ ലോകത്തിലെ തിന്മകൾക്കെല്ലാം പിന്നിൽ ദൈവത്തോട് എതിർത്ത ഒരു ദൂത വൃന്ദമാണെന്നും പുതിയ നിയമത്തിലെ പിശാച് വീണുപോയ ഒരു ദൂതനാണെന്നും പാരമ്പര്യമായുള്ള ഒരു വിശ്വാസം അനേക ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ട്. എന്നാൽ ബൈബിൾ അങ്ങനെ പറയുന്നില്ല, പാപം ചെയ്ത ദൂതന്മാർ പത്രോസ് എഴുതിയ രണ്ടാം ലേഖനത്തിലേയും യൂദായുടെ ലേഖനത്തിലേയും "പാപം ചെയ്ത ദൂതന്മാർ" എന്ന പ്രതിപാദനം അമാനുഷീക ശക്തിയുള്ള പിശാചിലും, ഭൂതങ്ങളിലുമുള്ള വിശ്വാസത്തിന് ഒരുതെളിവായി ഇന്ന് അനേകർ ഉപയോഗിക്കുന്നു".

തിൻമ, പിശാച്, ഭൂതങ്ങൾ എന്നീ വിഷയങ്ങൾ വളരെ സങ്കീർണ്ണതയുള്ളതാണെന്ന് സമ്മതിച്ചേപറ്റൂ വേദപുസ്തക പണ്ഡിതർക്കു പോലും വളരെ സാവകാശം മാത്രം മനസ്സിലാകുന്ന വിഷയങ്ങളാണിത്. "പിശാച്" "പിശാചുക്കൾ" എന്നീ വാക്കുകൾ ഏറ്റവും



അധികമായി കാണുന്ന പുതിയ നിയമം ദൈവത്തേയും മനുഷ്യനെയും, നന്മയേയും തിൻമയേയും, ജീവനേയും മരണത്തേയും കുറിച്ചുള്ള പഴയ നിയമത്തിലെ അടിസ്ഥാന ഉപദേശങ്ങളിൽ വായനക്കാരന് സാമാന്യമായി അറിവുണ്ടെന്നുള്ള പ്രതീക്ഷയിലാണ് എഴുതിയത്. മിക്കപ്പോഴും പുതിയ നിയമ വായനക്കാർ "പിശാചിനും" "ഭൂതങ്ങൾക്കും" തങ്ങളുടെ സ്വന്ത സാംസ്ക്കാരിക പശ്ചാത്തലത്തിൽ ഈ വാക്കുകൾക്കുള്ള അർത്ഥം മനസ്സിൽ വച്ചുകൊണ്ടാണ് ഈ ബൈബിൾ വാക്കുകളെ മനസ്സിലാക്കുന്നത്. ഇതേ ആശയം മനസ്സിൽവച്ചുകൊണ്ട് അവർ പഴയ നിയമത്തിലേക്ക് കടന്നു ചെന്ന് അവിടെ ഈ വാക്യങ്ങളെ തെറ്റായ അർത്ഥത്തിൽ വ്യാഖ്യാനിക്കുന്നു. അവർ തങ്ങളുടെ സ്വന്ത ആശയങ്ങളെ വേദപുസ്തക ഉപദേശങ്ങളുമായി കൂട്ടികുഴയ്ക്കുന്നു. ഇതിനൊരു നല്ല പരിഹാരം ആദ്യമായി പഴയ നിയമ ഉപദേശങ്ങളെക്കുറിച്ച് അടിസ്ഥാനപരമായി ഒരു അറിവ് ഉണ്ടാക്കിയെടുക്കുകയും പിന്നീട് "പിശാച് പോലെയുള്ള പ്രത്യേക വിഷയങ്ങൾ പഠിക്കുവാൻ തുടങ്ങുകയും ചെയ്യുകയാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും പത്രോസിന്റെ ലേഖനത്തിലെയും യൂദായുടെ ലേഖനത്തിലേയും രണ്ട് അസാധാരണമായ വാക്യങ്ങളെ പ്രതിപാദിക്കുന്ന ഈ പുസ്തകം പിശാചിനെയും ഭൂതങ്ങളെയും കുറിച്ച് പഠിക്കുവാനുള്ള ഒരു മാധ്യമം അല്ല എങ്കിലും, ആദ്യം പിശാചിനെക്കുറിച്ചുള്ള മറ്റു ഭാഗങ്ങൾ വിശദമായി പഠിക്കുന്നത് നന്നായിരിക്കും.

പിശച് എന്ന വിഷയത്തെക്കുറിച്ച് മുൻപ് തന്നെ നന്നായിട്ടറിയാം കൂടുതൽ പഠിക്കേണ്ട ആവശ്യം ഇല്ല എന്ന് ചിലർക്ക് തോന്നിയേക്കാം. എന്നാൽ അത്ര തീർച്ചയില്ലാത്തവർക്ക് താഴെ പറയുന്ന ചോദ്യങ്ങളുടെ ഉത്തരം സ്വയം കണ്ടുപിടിക്കാൻ ശ്രമിക്കാം.

**1. സാത്താൻ എപ്പോഴാണ് സ്വർഗ്ഗത്തിൽ നിന്ന് വീണത്?** സാത്താൻ സ്വർഗ്ഗത്തിൽ നിന്നു വീണു എന്നത് തീർച്ചയായും വിശ്വസിക്കുന്ന

ക്രിസ്തീയ വിശ്വാസികൾ ധാരാളം ഉണ്ടെങ്കിലും അത് എപ്പോ ഴാണ് എന്നു ചോദിച്ചാൽ ഉത്തരം കിട്ടാൻ പ്രയാസമായിരിക്കും. അഥവാ ഒരു ഉത്തരം ഉണ്ടെങ്കിൽ ഏദൻ തോട്ടത്തിൽ എന്നായി രിക്കും പറയുക പക്ഷേ ഏദൻ തോട്ടത്തിനും ശേഷം ആയിരക്കണ ക്കിനു വർഷങ്ങൾ കഴിഞ്ഞ് ദൈവമുൻപാകെ വളരെ ഭവ്യതയോടെ നിൽക്കുന്ന ഒരു സേവകനായി ഇയ്യോബിന്റെ പുസ്തകം 1 ാം അദ്ധ്യാ യത്തിൽ നാം സാത്താനെ കാണുന്നു അതുകൊണ്ട് സാത്താൻ വീണിട്ടുണ്ടെങ്കിൽ എന്നാണ് വീണത്?.

2. 2 ശമുവേൽ 24 ാം വാക്യത്തിൽ <u>ദൈവം</u> ദാവീദിനെ പരീക്ഷിച്ചു എന്നു നാം കാണുന്നു. ഇതേ സംഭവം (1 ദിനവൃത്താന്തം 21:1–2) "അനന്തരം സാത്താൻ യിസ്രയേലിന്നു വിരോധമായി എഴുന്നേറ്റു യിസ്രയേലിനെ എണ്ണുവാൻ ദാവീദിന്നു തോന്നിച്ചു. ദാവീദ് യോവാ ബിനോടും ജനത്തിന്റെ പ്രഭുക്കന്മാരോടും: നിങ്ങൾ ചെന്നു ബേർ–ശേബമുതൽ ദാൻവരെ യിസ്രയേലിനെ എണ്ണി അവരുടെ സംഖ്യ ഞാൻ അറിയേണ്ടതിന്നു കൊണ്ടുവരുവിൻ എന്നു പറ ഞ്ഞു". (<u>സാത്താനാണ്</u> പരീക്ഷിച്ചിരിക്കുന്നത് എന്ന് ഇവിടെ എഴു തിയിരിക്കുന്നു). ഇത് തമ്മിൽ എങ്ങനെ ചേരും?.

3. (പുറപ്പാടുപുസ്തകം 4:11) "മനുഷ്യനു വായി കൊടുത്തത് ആർ? അല്ല, ഊമനെയും ചെകിടനെയും കാഴ്ചയുള്ളവനെയും കുരുട നെയും ഉണ്ടാക്കിയതു ആർ? യഹോവയായ ഞാൻ അല്ലയോ? ആക യാൽ നീ ചെല്ലുക;" മനുഷ്യനെ ബധിരനായി സൃഷ്ടിക്കുന്നത് ദൈവം ആണെന്ന് ദൈവം തന്നെ മോശയോട് കല്പിക്കുന്നു. എന്നാൽ ലൂക്കോസിന്റെ സുവിശേഷം 11 ാം അദ്ധ്യായം 14 ാം വാക്യ ത്തിൽ ബധിരത ഒരു ദുരാത്മാവിന്റെ (ഭൂതത്തിന്റെ) പ്രവൃത്തിയാ ണെന്ന് തോന്നിക്കുന്ന വിധം എഴുതിയിരിക്കുന്നു ദൈവം മോശ യോട് തെറ്റായി പറഞ്ഞുവോ?

4. (യെശയ്യാ പ്രവചനം 45:7) "ഞാൻ പ്രകാശത്തെ നിർമ്മിക്കുന്നു, അന്ധകാരത്തേയും സൃഷ്ടിക്കുന്നു, ഞാൻ നൻമയെ ഉണ്ടാക്കുന്നു,



തിൻമയെയും സൃഷ്ടിക്കുന്നു യഹോവയായ ഞാൻ ഇതൊക്കെയും ചെയ്യുന്നു." എന്ന് ദൈവം അരുളി ചെയ്തു ഇത് പുരാതന ബാബി ലോണിയ ബഹു ദൈവ വിശ്വാസത്തിന് എതിരാണ്. നൻമക്കൊരു ദൈവം, തിൻമക്കൊരു ദൈവം അതായിരുന്നു ബാബിലോണിയരുടെ വിശ്വാസം". ദൈവം അനർത്ഥ ദൂതന്മാരുടെ (Evil Angles) ഒരു ഗണത്തെ മിശ്രയിമിന് എതിരായി അയച്ചു എന്നും നാം വായി ക്കുന്നു. ചില ആധുനീക പരിഭാഷകളിൽ നശിപ്പിക്കുന്ന ദൂതന്മാർ (Distroying Angels) എന്നുമാറ്റിയിട്ടുണ്ട്. എന്നാൽ പഴയ ഇംഗ്ലീഷ് ബൈബിളിൽ (Evil Angels) ദുഷ്ട ദൂതന്മാർ എന്നു തന്നെയാണ്. ദുഷ്ട ശക്തികൾ ദൈവത്തെ അനുസരിക്കുമോ?.

മേൽപ്പറഞ്ഞ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടു പിടിക്കുവാൻ നിങ്ങൾക്ക് സാധിക്കുന്നില്ലെങ്കിൽ കവർ പേജിൽ കൊടുത്തിരിക്കുന്ന അഡ്രസ്സിൽ എഴുതിയാൽ പിശാചും ഭൂതങ്ങളും, ഭൂതബാധയെ കുറിച്ചും ഉള്ള പുസ്തകങ്ങൾ നിങ്ങൾക്ക് ലഭിക്കുന്നതാണ് ആദ്യ മായി അവ വായിച്ചു കഴിഞ്ഞാൽ ഈ ചെറു പുസ്തകത്തിലെ ആശ യങ്ങൾ നിങ്ങൾക്ക് പെട്ടെന്ന് മനസ്സിലാക്കാം.

## ഒന്നാം ഭാഗം

## പത്രോസിന്റെയും യൂദയുടേയും കാലയളവിലെ സാധാരണക്കാരുടെ വിശ്വാസം

ആധുനീക ക്രിസ്തീയ ഗോളത്തിലെ പിശാചിനെക്കുറിച്ചുള്ള ചിന്താഗതി ഒരു വേദഭാഗത്തിന്റെ വ്യാഖ്യാനത്തിൽനിന്നും ഉണ്ടായ താണ്. (യെശയ്യാ പ്രവചനം 14:12) "അരുണോദയ പുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു: ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു!".) അതിൽ സാത്താൻ സ്വർഗ്ഗത്തിൽ നിന്നും തള്ളപ്പെട്ട ഒരു ദൂതനായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. കിംഗ് ജെയിംസ് (King James) പരി ഭാഷ എന്നറിയുപ്പെടുന്ന ഇംഗ്ലീഷ് പരിഭാഷ പ്രഭാത നക്ഷത്രം എന്ന്

അർത്ഥം വരുന്ന 'ലൂസിഫർ' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രഭാത വെളിച്ചത്തിലും ആകാശത്തിൽ തിളങ്ങുന്ന വീനസ് എന്ന നക്ഷത്രത്തിന്റെ പേരാണിത്. അടുത്ത കാലത്ത് (യെശയ്യാ 14 ന്റെ 12) ഈ വിധത്തിൽ വ്യാഖ്യാനിക്കുന്നത് അനേക ക്രിസ്തീയ സഭകൾ നിർത്തികളഞ്ഞു, കാരണം ക്രിസ്റ്റഡൽഫിയൻ ഉൾപ്പെടെ ഉള്ള ചില ആളുകൾ ഈ ഭാഗം ഒരു മനുഷ്യനായ ബാബേൽ രാജാവിനെ കുറിച്ചു ഇതു താനെന്നു ചൂണ്ടിക്കാണിച്ചു. (യെശയ്യാ 14:4) "നീ ബാബേൽ രാജാവിനെക്കുറിച്ചു ഈ പാട്ടു ചൊല്ലും: സ്വർണ്ണനഗരം എങ്ങനെമുടിഞ്ഞുപോയി." (യെശയ്യാ 14:16) നിന്നെക്കാണുന്നവർ നിന്നെ ഉറ്റുനോക്കി; ഭൂമിയെ നടുക്കുകയും രാജ്യങ്ങളെ കുലുക്കുകയും" എന്നാൽ പരമ്പരാഗതമായ പഠിപ്പിക്കൽ വളരെ ശക്തമായതിനാൽ പിശാചിനെക്കുറിച്ചുള്ള ഉപദേശത്തിൽ 'ലൂസിഫർ' എന്ന ഭാവനാ വ്യക്തി ഇപ്പോഴും ശക്തമായി നലനിൽക്കുന്നു.

ഇതൊക്കെയാണെങ്കിലും പത്രോസും യൂദായും അപ്പൊസ്തോലിക ലേഖനങ്ങൾ എഴുതിയ കാലത്ത് പിശാചിന്റെ പേരായി 'ലൂസിഫർ' എന്ന വാക്ക് ഉപയോഗിച്ചിരുന്നതേയില്ല. (2 പത്രോസ് 1:19) "പ്രവാചകവാക്യവും അധികം സ്ഥിരമായിട്ടു നമുക്കുണ്ടു. നേരം വെളുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ 'ഉദയനക്ഷത്രം' ഉദിക്കയും ചെയ്യുവോളം ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിളക്കു പെലെ അതിനെ കരുതിക്കൊള്ളേണം." 'പ്രഭാത നക്ഷത്രം' എന്ന വാക്ക് പത്രോസ് അപ്പൊസ്തലൻ തന്നെ യേശു ക്രിസ്തുവിനെ ഉദ്ദേശിച്ച് എഴുതിയത് പഴയ ലാറ്റിൻ ബൈബിളുകളിൽ ലൂസിഫർ എന്നാണ് ചേർത്തിരിക്കുന്നത്. അതുമൂലം ആദിമ സഭയിൽ 'ലൂസിഫർ' എന്ന പേരു കൊണ്ട് യേശു ക്രിസ്തുവിനെയാണ് ഉദ്ദേശിച്ചിരുന്നത്. അപ്രകാരം ഉള്ള ഗീതങ്ങളും എഴുതപ്പെട്ടിരുന്നു. ചില സഭാ അധ്യക്ഷന്മാർ അഭിമാനപൂർവ്വം അവരുടെ പേരായി ലൂസിഫർ എന്ന വാക്ക് ഉപയോഗിച്ചിരുന്നു.

പത്രോസും യൂദായും ലേഖനങ്ങൾ എഴുതിയപ്പോൾ (യെശയ്യാവ് 14:12) "അരുണോദയ പുത്രനായ ശുക്രാ, നീയെങ്ങനെ ആകാശ



ത്തുനിന്നുവീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീഎങ്ങനെ വെട്ടേറ്റു നിലത്തു വീണു!" എന്നഭാഗം വീണുപോയ ദൂതൻമാരെ ബന്ധപ്പെടുത്തി ആരും ചിന്തിച്ചിരുന്നില്ലാ. (ഉല്പത്തി 6:2) "ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യ മുള്ളവരാണെന്ന് കണ്ടു തങ്ങൾക്കു ബോധിച്ചവരെ ഭാര്യമാരായി എടുത്തു" എന്ന വാക്യം ഉല്പത്തി 4–5 അദ്ധ്യായങ്ങളുടെ സന്ദർഭം പരിശോധിച്ചാൽ പുതിയ നിയമ കാലത്ത് ദൈവപുത്രൻമാർ എന്നവാക്കിന് കൊടുത്ത അതേ അർത്ഥം–വിശ്വാസികളായ മനുഷ്യർ–ആണ് ഉദ്ദേശിച്ചിരുന്നത് എന്നുകാണാം. 5 ാം നൂറ്റാണ്ടിലെ പ്രസിദ്ധനായിരുന്ന കത്തോലിക്കാ വേദശാസ്ത്ര പണ്ഡിതനായിരുന്ന അഗസ്റ്റിൻ തന്റെ "സിറ്റി ഓഫ് ഗോഡ്" എന്ന പുസ്തകത്തിൽ ഉല്പത്തി 6 ന്റെ 2നെ കുറിച്ച് വിശദമായി എഴുതിയിട്ടുണ്ട്. തന്റെ പുസ്തകത്തിൽ യഹോവയുടെ നാമത്തിൽ ആരാധിക്കാൻ തുടങ്ങിയ സേത്തിന്റെ സന്തതികളാണ് ദൈവത്തിന്റെ പുത്രന്മാർ എന്നും അവർ ദൈവം ഇല്ലാത്ത മനുഷ്യ പുത്രിമാരെ (കയ്യീന്റെ സന്തതികളെ) വിവാഹം ചെയ്തതിൽക്കൂടി ദൈവാരാധനയിൽ നിന്നും വിട്ടുപോയി എന്നും നോഹയും കുടുബവും മാത്രം വിശ്വസ്ഥരായി നിലകൊണ്ടുഎന്നും സമർത്ഥിക്കുന്നു. ഉല്പത്തി 6ന്റെ 2നെ കുറിച്ചു വ്യാഖ്യാനിക്കുന്ന യഹൂദ പണ്ഡിതന്മാരും ഇതേ വിശദീകരണം ആണ് നല്കുന്നത്.

പത്രോസ്, യൂദാ അപ്പോസ്തലൻമാരുടെ കാലമായപ്പോഴേക്കും ബാബിലോണിയ യവന സമ്പ്രദായങ്ങളുടെ പ്രേരണകൊണ്ട് അനേക കെട്ടു കഥകളും അന്ധ വിശ്വാസങ്ങളും യഹൂദന്മാരുടെ ഇടയിൽ വേരൂന്നി കഴിഞ്ഞിരുന്നു.

## യഹൂദൻമാരുടെ ഇടയിലെ കെട്ടുകഥകൾ

കെട്ടുകഥകൾ എന്ന് പറയുമ്പോൾ റോമാക്കാരുടെയോ, ഗ്രീക്കുകാരുടെയോ ഇടയിൽ മാത്രം കാണപ്പെടുന്ന ഒന്നായി കരുതിയേക്കാം എന്നാൽ അപ്പൊസ്തലനായ പൗലോസ് തീത്തുസിന് എഴുതുമ്പോൾ 1 ാം അദ്ധ്യായം 14 ാം വാക്യത്തിൽ 'യഹൂദൻമാരുടെ

കെട്ടുകഥകളിൽ പെട്ടുപോകരുത്’ എന്നു മുന്നറിയിപ്പു തരുന്നുണ്ട്. ഇതിൽ പല കെട്ടുകഥകളും സേത്ത് ഹാനോക്ക്, അബ്രഹാം, മോശ, ശലോമോൻ എസ്രാ മുതലായ പഴയനിയമ വിശ്വാസികളെക്കുറിച്ചുള്ള സങ്കല്പ കഥകൾ ആണ്.

യഹൂദ കെട്ടുകഥകൾക്ക് ഒരു നല്ല ഉദാഹരണം കത്തോലിക്കാ ബൈബിളിലെ അപ്പോക്രിഫ വിഭാഗത്തിൽ കാണാവുന്നതാണ്. (തോബിയാവ്, ബേൽ, മഹാസർപ്പം മുതവായവ) 1948 ൽ ഇസ്രായേലിൽ നിന്നും പുരാവസ്തു ഗവേഷകർ കണ്ടെടുത്ത ചാവുകടൽ ചുരുളുകളിലും കളിമൺ ഫലകങ്ങളിലും പാപ്പിറസ് എഴുത്തുകളിലും ദൂതൻമാരെയും ഭൂതങ്ങളെയും കുറിച്ചുള്ള യഹൂദ കെട്ടുകഥകൾ കാണാൻ കഴിയും A.D. 70 നോട് അടുത്താണ് അവ അവിടെ നിക്ഷേപിക്കപ്പെട്ടത്. പത്രോസും യൂദായും ലേഖനങ്ങളെഴുതിയ കാലയളവും ഇതുതന്നെ.

## ഹാനോക്കും പാപം ചെയ്ത ദൂതന്മാരും

മേൽപറഞ്ഞ കെട്ടുകഥകളിൽ പ്രധാനപ്പെട്ട ഒന്നാണ് വീണുപോയ ദൂതന്മരെക്കുറിച്ചുള്ളത് ഈ സങ്കല്പ കഥയുടെ പൂർണ്ണ രൂപം ഉല്പത്തി 6 ാം അദ്ധ്യായത്തെ അധികരിച്ചെഴുതിയ ‘ഹാനോക്കിന്റെ പുസ്തകത്തിലെ ദൈവ പുത്രൻമാരെയും മനുഷ്യ പുത്രന്മാരെയും കുറിച്ചുള്ള സാങ്കല്പിക കഥയിലാണുകാണുന്നത്.

വീഴ്ച പറ്റിയ ദൂതന്മാരെക്കുറിച്ച് അതിൽ ഇപ്രാകാരം എഴുതിയിരിക്കുന്നു, “മനുഷ്യർ ഭൂമിയിൽ പെരുകിയപ്പോൾ അവർക്കു സുന്ദരികളായ പുത്രിമാരുണ്ടായി, സ്വർഗ്ഗീയ പുത്രൻമാർ അവരെക്കണ്ടു മോഹിച്ചു തമ്മിൽ തമ്മിൽ പറഞ്ഞു. നമുക്കു മനുഷ്യ പുത്രിമാരിൽനിന്ന് ഭാര്യമാരെ എടുത്ത് മക്കളെ ജനിപ്പിക്കാം. അപ്പോൾ ഷമിഹസാ എന്നുപേരുള്ള അവരുടെ നേതാവ് ‘നിങ്ങൾ എന്നോടുകൂടെ നിൽക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു, ഞാൻ തനിയെ ഈ പാപത്തിന്റെ കൂലികൊടുക്കേണ്ടിവരും’ എന്നു പറഞ്ഞു, അതിന് അവരെല്ലാവരും നമുക്കെല്ലാവർക്കും കൂടി ഒരു പ്രതിജ്ഞ



യാൽ അന്യോന്യം ബന്ധിതരായി ഇക്കാര്യം ഉപേക്ഷകൂടാതെ ചെയ്യാം’ എന്നു പറഞ്ഞു. അവർ പ്രതിജ്ഞാ ബദ്ധരായി ഇരുനൂറോളം ദൂതൻമാർ ജാരെദിന്റെ കാലത്ത് ഭൂമിയിലേക്കിറങ്ങി.” (ഹാനോക്ക് 6:1–6).

അങ്ങനെ അവരിൽനിന്നും അതികായൻമാരുടെ ഒരു തലമുറയുണ്ടായി എന്ന് ആ കഥ സമർത്ഥിക്കുന്നു എന്നാൽ പ്രധാന ദൂതനായ മീഖായേൽ ഇവരെ പിടിച്ചു കെട്ടി, 70 തലമുറവരെ ന്യായം വിധിക്കേണ്ടതിന് അന്ധതമസ്സിൽ അടച്ചു എന്നും ഈ ദൂതന്മാർ തങ്ങൾക്കുവേണ്ടി ദൈവത്തോടു മാദ്ധ്യസ്ഥം പറയുവാൻ ഹാനോക്കിനോടാവശ്യപ്പെട്ടെന്നും, ദൈവം അതനുസരിച്ചെന്നും ഈ ദൂതന്മാർ ഭൂമിയിൽ ദുഷ്ടത പരത്തുന്നതിനാൽ മിഖായേൽ ദൈവത്തോടപേക്ഷിച്ചിട്ട് അവരെ പ്രളയത്തിൽ മുക്കിക്കൊന്നുകളഞ്ഞെന്നും ആ കഥ തുടരുന്നു. “മല്ലൻമാരുടെ പുസ്തകം” എന്ന കെട്ടുകഥയിൽ, ഈ ദൂതന്മാരുടെ മക്കൾ, അവരുടെ നേതാക്കളായി ‘ഒഹിയാ, മഹാവി എന്നിവരുടെ നേതൃത്യത്തിൽ അവർക്കുവേണ്ടി മദ്ധ്യസ്ഥത പറയുവാൻ ഹാനോക്കിനോട് അപേക്ഷിച്ചുവെന്നും, ദൈവം ഇവരുടെ ആത്മാക്കൾ മനുഷ്യ ജാതിയെ പീഢിപ്പിക്കുന്നതിനായി ജീവിച്ചിരിക്കുമെന്നും, ഈ രാക്ഷസന്മാരുടെ മനുഷ്യമാതാക്കൾ യക്ഷികളായി രൂപാന്തരപ്പെട്ട് നിലനില്ക്കുമെന്നും വിവരിക്കുന്നു’.

ഒന്നാം നൂറ്റാണ്ടിൽ ‘ഹാനോക്കിന്റെ’ പുസ്തകം അനേകംവിറ്റഴിഞ്ഞ ഒന്നായിരുന്നു. അതിന് സാധാരണക്കാരുടെ ഇടയിൽ വളരെ പ്രചാരം ലഭിച്ചിരുന്നതിനാൽ പത്രോസും, യൂദായും അഭിസംബോധന ചെയ്യുന്ന യഹൂദ ക്രിസ്ത്യാനികൾക്ക് അതു വളരെ പരിചിതമായിരുന്നു എന്നു തീർച്ചയാണ്. വിദ്യാ സമ്പന്നരായ മറ്റു യഹൂദന്മാരെപ്പോലെ ക്രിസ്തീയ വിശ്വാസികളും ഈ കഥകൾ വിശ്വസിച്ചില്ലെന്ന് സ്യൂഡോ–ഫിലോ, (Book of Antiquitis 3:1) റബ്ബി ശിമയോൻ ബെൻയോഹായി (Genesis Rabbah. 26:5) ജസ്റ്റിൻ മാർട്ടയറുമായി തർക്കത്തിലേർപ്പെട്ട ‘ട്രൈഫോ’ എന്ന യഹൂദ പണ്ഡിതൻ (Dialshe 1:79:1) എന്നിവരുടെ രേഖകളിൽ നിന്നും മനസ്സി

ലാക്കാം യേശു ക്രിസ്തു തന്നെയും (മർക്കോസ്. 12: 25) ഇവ വിശ്വ സിച്ചിരുന്നില്ല.

ഇതൊക്കെയാണെങ്കിലും പൗലോസിന്റെ മുന്നറിയിപ്പുകൾ പോലും വകവയ്ക്കാതെ (തിത്തോസ്. 1:14) യഹൂദമതത്തിൽ നിന്നും ക്രിസ്ത്യാനികളായവരിൽ ചിലർ ഇത്തരം കെട്ടുകഥകൾ തങ്ങളുടെ വിശ്വാസത്തോടുകൂടി ചേർക്കുകയും ഹാനോക്കിന്റെ പുസ്തകം, വീണുപോയ ദൂദന്മാർ, ഇത്യാദി കഥകൾ– ആദിമ സഭയെക്കുറി ച്ചുള്ള രേഖകളിൽ ജ്ഞാനവാദികൾ (Gnosties) ഇത്തരം സങ്കല്പ ങ്ങൾ സ്വീകരിക്കുകയും ചെയ്തായി കാണുന്നു.

## രണ്ടാം ഭാഗം

പത്രോസ്, യൂദാ, ഹാനോക്ക്

2 പത്രോസ് 3:3 ൽ ഉദ്ധരിച്ചിരിക്കുന്ന പുതിയ നിയമത്തിലെ ഒരേ ഒരു ഭാഗമാണ് യൂദായുടെ ലേഖനം 18 ാം വാക്യം ഇത് പത്രോസിന്റെ ലേഖനത്തിൽ നിന്നുള്ള ഉദ്ധരണിയാണെന്നുള്ളത് (മറിച്ച് യൂദായുടെ ലേഖനത്തിൽ നിന്ന പത്രോസ് എടുത്തെഴുതുന്നതല്ല) ഒരു താര തമ്യ പഠനത്തിൽക്കൂടി കാണിക്കാം. “എന്നാൽ കള്ള പ്രവാച കൻമാരും ജനത്തിന്റെ (യഹൂദന്മാരുടെ) ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കൻമാർ ഉണ്ടാകും; അവർ നാശകരമായ മത ഭേതങ്ങളെ നുഴയിച്ചു തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നെ ശിഘ്രനാശം വരുത്തും.” (2 പത്രോസ് 2:1–2)

“നിങ്ങൾക്ക് പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്ന് എനിക്കു തോന്നി... നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്കാമ വൃത്തിക്ക് ഹേതുവാക്കി ഏകനാഥനും നമ്മുടെ കർത്താവുമായ യേശു ക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായ ചില മനുഷ്യർ നുഴഞ്ഞു വന്നിരിക്കുന്നു അവരുടെ ഈ ശിക്ഷാവിധി പണ്ടുതന്നെ എഴുതിയിരിക്കുന്നുവല്ലോ.” (യൂദാ 3:34)



ഇവിടെ പത്രോസും യൂദായും ഒരേ കാര്യത്തെക്കുറിച്ചാണ് പ്രതി പാദിക്കുന്നതെന്ന് സ്പഷ്ടം. ഒരു ചെറിയ വ്യത്യാസം മാത്രം; ‘ദുരു പദേഷ്ടാക്കൻമാർ വരും’ എന്ന് പത്രോസ് എഴുതി; അവർ ‘വന്നു കഴിഞ്ഞു’ എന്ന് യൂദായും എഴുതി. 2 പത്രോസിന്റെ തുടർച്ചയാണ് യൂദായുടെ ലേഖനം എന്ന് മനസ്സിലാക്കാം.

## ഹാനോക്കിന്റെ പുസ്തകത്തിൽ നിന്നുള്ള യൂദായുടെ ഉദ്ധരണി

“ദൈവ നിഷേധികളുടെ ദൈവ വിരുദ്ധ പ്രവർത്തനങ്ങളെ ന്യായം വിധിക്കുന്നതിനായി ആയിരമായിരം വിശുദ്ധൻമാരുമായി കർത്താവു വരും.” (1 ഹാനോക്ക് 1:9)

“ആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവരെക്കുറിച്ച്: ഇതാ കർത്താവു എല്ലാവരേയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തി വിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തി കെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമി ത്തവും ഭക്തികെട്ടവരെ ഒക്കയും ബോധം വരുത്തുവാനും ആയി രമായിരം വിശുദ്ധൻമാരോടുകൂടെ വന്നിരിക്കുന്നു” എന്നു പ്രവ ചിച്ചു. (യൂദാ 14:15)

## ആദാം മുതൽ ഏഴാമൻ

യൂദ അപ്പൊസ്തോലൻ യഹൂദ കെട്ടുകഥയിൽ നിന്ന് ഉദ്ധരിച്ച് എഴുതുമെന്നു സമ്മതിക്കാത്തവർ ഉണ്ടാകും, കൂടാതെ ആദാം മുതൽ ഏഴാമനായ ഹാനോക്ക് എന്നു പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നത് അവർ ചൂണ്ടിക്കാട്ടും. ഇത് ന്യായമായ ഒരു എതിർപ്പാണെന്ന് സമ്മതിക്കുന്നു. ബൈബിൾ ഇത്തരം പുസ്തക ങ്ങളെ ആധീകാരികമായി അംഗീകരിക്കുകയോ അതിൽ നിന്ന് എടുത്തെഴുതുകയോ ചെയ്യാറില്ലാ. ഹാനോക്കിന്റെ കാര്യത്തിൽ ആദാം മുതൽ ഏഴാമൻ എന്നുള്ളത് ഉല്പത്തി പുസ്തകത്തിൽ നിന്നല്ല ഹാനോക്കിന്റെ ഒന്നാം പുസ്തകം 60 ന്റെ 8 ൽ നിന്നാണ്

എടുത്തെഴുതിയിരിക്കുന്നത്. യഥാർത്ഥത്തിൽ ഒന്നല്ല രണ്ടുദ്ധരണി കളാണ് നാം ഇവിടെ കൈകാര്യം ചെയ്യുന്നത്. സത്യത്തിൽ പത്രോ സിന്റെ രണ്ടാം ലേഖനത്തിലും യൂദായുടെ ലേഖനത്തിലും മൊത്ത ത്തിൽ 30 ഉദ്ധരണികളാണ് ഹാനോക്കിന്റെ പുസ്തകത്തിൽ നിന്നും ഉള്ളത്.

ഹാനോക്കിന്റെ ഒന്നാം പുസ്തകം 1ന്റെ 9 ഉം യൂദാ 14 ഉം തമ്മി ലുള്ള സമാനത യാദൃശ്ചികമാണ് എന്ന് പറയാൻ സാധ്യമല്ല, ഹാനോ ക്കിന്റെ പുസ്തകം യൂദായുടെ ലേഖനത്തിൽ നിന്ന് എടുത്തെഴുതി യെന്നും വിചാരിക്കുവാൻ സാധ്യമല്ല, കാരണം ഹാനോക്കിന്റെ പുസ്തകത്തിന്റെ ഏറ്റവും പുരാതന കൈയ്യെഴുത്തുപ്രതി ക്രിസ്തുവിന് 100 വർഷങ്ങൾക്കു മുൻപെങ്കിലും എഴുതപ്പെട്ടതാ ണ്.

ഹാനോക്കിന്റെ വാക്കുകൾ വായ്മൊഴിയായി നില നിന്നിരുന്നു എന്നും അതിൽനിന്ന് യൂദാ തിരഞ്ഞെടുത്ത വാക്കുകൾ ആണെന്നും ഒരു പക്ഷെ വാദിച്ചേക്കാം, എന്നാൽ അങ്ങനെയല്ലെ ന്നുള്ളതിന്റെ നാലു കാരണങ്ങൾ ചൂണ്ടി കാണിക്കാം.

1. പ്രളയത്തിനു മുൻപുള്ള ഒരു കഥ എഴുതപ്പെടാതെ ജല പ്രളയത്തെ എങ്ങനെ അതിജീവിച്ചു വന്നു?.

2. ഹാനോക്കിന്റെ ഒന്നാം പുസ്തകം ഒന്നിന്റെ 9 ഒരു രഹസ്യ മർമ്മ മല്ല; അത് ആവർത്തന പുസ്തകം 33 ന്റെ 2 ാം വാക്യത്തിന്റെ ഒരു അനുബന്ധമായ 1 ഹനോക്ക് 1:3–9 വരെയുള്ള ഭാഗം തന്നെയാണ്. അത് ഹാനോക്കിനാൽ അല്ല മോശയാൽ ആണ് എഴുതപ്പെട്ടത്.

3. മുൻപ് സൂചിപ്പിച്ചതുപോലെ പത്രോസിന്റെ ലേഖനത്തിലും യൂദാ യുടെ ലേഖനത്തിലും ഹാനോക്കിന്റെ പുസ്തകത്തിൽ നിന്ന് മുപ്പ തോളം പ്രതിപാദനങ്ങൾ ഉണ്ട് അതുകൊണ്ട് 1 ഹാനോക്ക് 1 ന്റെ 9 ൽ ഹാനോക്കിന്റെ യഥാർത്ഥ പുസ്തകത്തിൽ വിട്ടുപോയ ചില വാക്കുകൾ ഉണ്ടെന്ന് വാദിച്ചാൽ തന്നെയും ബാക്കി 29 ഉദ്ധരണിക ളുടെ ഉറവിടം എവിടെ നിന്നാണ്?.



4. നാലാമതായി ഇംഗ്ലീഷ് പരിഭാഷയിൽ വന്നമാറ്റം അവഗണിച്ചാൽ മൂല ഭാഷയായ ഗ്രീക്കിൽ, ആദാം മുതൽ ഏഴാമനായ ഹാനോക്ക് വക്രഗതിയുള്ള നക്ഷത്രങ്ങളെക്കുറിച്ചു പ്രവചിച്ചു എന്നല്ല, അവ രോടു പ്രവചിച്ചു എന്നാണ് യൂദാ 13 ലും 14 ലും പറഞ്ഞിരിക്കു ന്നത് ഇത് 1ഹാനോക്ക് 21 മായി യോജിക്കുന്നുണ്ട്. അതിൽ സാങ്ക ല്പീക ഹാനോക്ക് മുൻപ് ആകാശത്തിലെ നക്ഷത്രങ്ങൾ ആയിരു ന്നതും ഇപ്പോൾ വീണു പോയതുമായ ദൂതൻമാരോട് പ്രവചിക്കു ന്നതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

യൂദാ 13 ൽ കാണുന്ന 'വക്രഗതിയുള്ള നക്ഷത്രങ്ങൾ' (Wandering Stars) എന്ന പ്രയോഗം ദുരുപദേഷ്ടാക്കന്മാർക്കാണ് ഏറ്റവും യോജിക്കുന്നത്. ഈ ദുരുപദേഷ്ടാക്കൻമാർ ഹാനോക്കിന്റെ പുസ്തകം വായിച്ചിട്ടുള്ളവരാണ്. അവരോടാണ് ഇത് പ്രവചിച്ചത് എന്നാൽ ഈ പറയപ്പെട്ട "ഹാനോക്ക് യൂദായോടോ, യൂദാ ലേഖനം എഴുതിയ വിശ്വസ്ഥരായ വിശ്വാസികളോടോ അല്ല പ്രവചിച്ചത്. എന്ന് യൂദായുടെ സൂഷ്മതയോടെ തിരഞ്ഞെടുത്ത വാക്കുകൾ വ്യക്തമാക്കുന്നു. ഇതിൽക്കൂടി ഉല്പത്തിയിലെ യഥാർത്ഥ ഹാനോ ക്കിന്റെ വാക്കുകൾ അല്ല താൻ ഉദ്ധരിക്കുന്നതെന്ന് യൂദാ വെളിപ്പെ ടുത്തുകയുമാണ് ചെയ്തത്.

## ഹാനോക്കിന്റെ പുസ്തകത്തിലെ പൊരുത്തമില്ലായ്മ വെളിവാക്കുന്നു.

മോർമോൻ പുസ്തകത്തിലെ കെട്ടുകഥകളെ വെളിവാക്കുവാൻ ഒരു ആധുനിക ക്രിസ്ത്യാനി ശ്രമിച്ചുവെന്നു കരുതുക (മോർമോൺ പുസ്തകം ഒന്നാം നൂറ്റണ്ടിൽ എഴുതപ്പെട്ട ഹാനോക്കിന്റെ പുസ്ത കത്തിന്റെ ഒരു ആധുനീക പതിപ്പാണ്) ഇയാൾ എപ്രകാരം അതു ചെയ്യും? തീർച്ചയായും പത്രോസ് അപ്പൊസ്തലൻ ചെയ്തതു പോലെ (2 പത്രോസ്. 1:19–20) സത്യവേദ പുസ്തകത്തിന്റെ ഉൽകൃഷ്ടത തെളിയിക്കുവാൻ ശ്രമിക്കും.

രണ്ടാമതായി ആ പുസ്തകത്തിൽ നിന്നും ഉദാഹരണങ്ങൾ എടുത്തെഴുതി അത് ബൈബിളുമായി എങ്ങനെ വൈരുദ്ധ്യത പുലർത്തുന്നു എന്നു കാണിക്കുന്നു രണ്ട് അപ്പോസ്തലൻമാരും (പത്രോസ്, യൂദാ) ഇതു തന്നെയാണ് ചെയ്തിരിക്കുന്നത്. ഹാനോക്കിന്റെ പുസ്തകത്തിൽ മീഖായേൽ ദൂതൻ 200 സ്വർഗ്ഗീയ ദൂതന്മാരെ പാപത്തിന് കുറ്റപ്പെടുത്തുന്നു, പത്രോസ് ഇതിനെ നിരാകരിച്ചുകൊണ്ട് ഇപ്രകാരം എഴുതുന്നു "ബലവും ശക്തിയും ഏറിയ ദൂതൻമാർ കർത്താവിന്റെ സന്നിധിയിൽ അവരുടെ നേരേ ദൂഷണ വിധി ഉച്ചരിക്കാതിരിക്കെ ആ ധാഷ്ട്യമുള്ള തന്നിഷ്ടക്കാർ മഹിമകളെ ദുഷിപ്പാൻ ശങ്കിക്കുന്നില്ല." (2 പത്രോസ് 2:11)

യൂദാ അപ്പൊസ്തലൻ 'മീഖായേൽ' എന്ന പേരുകൂടെ എടുത്തെഴുതിയിട്ടുണ്ട്. (യൂദാ 9)

മൂന്നാമതായി മോർ മോൺ പുസ്തകം സാമാന്യ ബുദ്ധിക്ക് പൊരുത്ത പ്പെടാത്തതാണെന്ന് സമർത്ഥിക്കും ഇതേ കാരണത്താലാണ് ഹാനോക്കിന്റെ പുസ്തകം 1 ന്റെ 9 ൽ നിന്ന് യൂദാ ഉദ്ധരണി കൊടുത്തിരിക്കുന്നത്. (യൂദാ. 14, 15) ഹാനോക്കിന്റെ പുസ്തകത്തിൽ പാപം ചെയ്ത ദൂതന്മാരെ മനുഷ്യൻ ന്യായം വിധിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുമ്പോൾ ഹാനോക്ക് 1 ന്റെ 9 ൽ ദൂതൻമാർ പാപികളായ മനുഷ്യരെ ന്യായം വിധിക്കുന്നതായി പറയുന്നു. ഇപ്രകാരമുള്ള പൊരുത്തക്കേടുകൾ ഈ പുസ്തകത്തിൽ എടുത്തുകാണിക്കുകയാണ്.

ഈ പുസ്തകത്തിന്റെ ഒന്നാം ഭാഗത്ത് യഹൂദ കെട്ടു കഥകളുടെ പശ്ചാത്തലം നാം കണ്ടു. രണ്ടാം ഭാഗത്ത് പത്രോസും, യൂദയും ഇപ്രകാരം ഉള്ള കെട്ടുകഥകൾ പഠിപ്പിക്കുന്ന ദുരുപദേഷ്ടാക്കന്മാരെ നേരിടുവാൻ നിർദ്ദേശിക്കുന്നു. മൂന്നാം ഭാഗത്തിലേക്ക് വരുമ്പോൾ പത്രോസിന്റെ രണ്ടാം ലേഖനം വാക്യം പ്രതി പരിശോധിച്ച് ഈ വസ്തുത വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.



## മൂന്നാം ഭാഗം

2 പത്രോസ് 1:16 മുതൽ 3 ന്റെ 2 വരെ

"ഞങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയും പ്രത്യക്ഷതയും നിങ്ങളോട് അറിയിച്ചത് നിർമ്മിത കഥകളെ പ്രമാണിച്ചിട്ടല്ല" എന്ന് പത്രോസ് എഴുതുമ്പോൾ (2 പത്രോസ് 1:16) നിർമ്മിത കഥകൾ എന്ന വാക്ക് തീത്തോസ് 1:14 പോലെ തന്നെ കെട്ടുകഥകൾ എന്ന അർത്ഥത്തിലാണ്. നിർമ്മിത കഥകളെ ആശ്രയിച്ചിരുന്ന വേറെ ആളുകൾ ഉണ്ടായിരുന്നു എന്നാണ് അദ്ദേഹം അർത്ഥമാക്കിയത്. ഈ പ്രതിപാദനം, 2 പത്രോസ് 2 ാം അദ്ധ്യായത്തിലെ ഉദ്ധരിണികളുടെ ഒരു പശ്ചാത്തലം ഒരുക്കുകയാണ് ചെയ്തത്. മറ്റൊരു സംഭവം പത്രോസ് ഓർക്കുന്നത് യേശു ക്രിസ്തുവിന്റെ മഹത്വീകരണത്തിന് താൻ ദൃക്സാക്ഷിയായതും പർവ്വതത്തിൽ വച്ച് ദൈവ ശബ്ദം നേരിട്ടു കേട്ടതുമായ സംഭവങ്ങളും ഹാനോക്കിന്റെ പുസ്തകത്തിലെ "സ്വർഗ്ഗത്തോളം എത്തുന്ന പർവ്വതത്തിലെ സാങ്കല്പീക ദർശനങ്ങളുമായിട്ടുള്ള വൈരുദ്ധ്യം ആണ്". (1 ഹനോക്ക് 17:1)

2 പത്രോസ് 1:19–21 "പ്രവാചക വാക്യവും അധികം സ്ഥിരമായിട്ടു നമുക്കുണ്ട്" (1:19) എന്നുള്ള പത്രോസിന്റെ അവകാശവാദം മറ്റൊരു ചോദ്യത്തിലേക്ക് നമ്മെ എത്തിക്കുന്നു "എന്തിനെക്കാൾ അധികം സ്ഥിരമായിട്ടുള്ളത്?" അന്നത്തെ സഭയിൽ സ്ഥിരമല്ലാത്ത പ്രവചനങ്ങൾ പഠിപ്പിച്ചിരുന്ന ഉപദേഷ്ടാക്കന്മാർ ഉണ്ടായിരുന്നു. എന്നല്ലേ ഇതിനർത്ഥം? അടുത്ത അദ്ധ്യായത്തിൽ (2:1–22) ഇതിനെക്കുറിച്ച് പത്രോസ് പ്രതിപാദിക്കുന്നുണ്ട്. അത് ഹാനോക്കിന്റെ പുസ്തകം എന്നു പറയപ്പെടുന്ന ആ യഥാർത്ഥ പ്രവചനങ്ങളെക്കുറിച്ചു തന്നെയാണ്. താഴെ പറയുന്ന വാക്യം പ്രത്യേകം ശ്രദ്ധിക്കുക: "തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്ന് ആദ്യം തന്നെ അറിഞ്ഞുകൊള്ളേണം." (പത്രോസ് 1:20) വൈരുദ്ധാത്മകമായ ഉപദേശങ്ങൾ നിലവിലുണ്ടെന്നുള്ള ഒരു സൂചനയുണ്ടിവിടെ.

ആധുനീക ഇംഗ്ലീഷ് ഭാഷയിൽ ഭാവിയെ സംബന്ധിച്ച് മുന്നറിയിപ്പെന്നയർത്ഥത്തിൽ ഉപയോഗിക്കുന്ന പ്രവചനം ഹാനോക്കിന്റെ പുസ്തകത്തിലുമുണ്ട്. എന്നാൽ ഭാവിയെക്കുറിച്ചുമാത്രമല്ല, ഭൂതകാലത്തെക്കുറിച്ചും വർത്തമാനകാലത്തെക്കുറിച്ചും ദൈവ നിശ്വാസത്താലുള്ള ഏതു വചനത്തേയും പ്രവചനം എന്ന് ഒന്നാം നൂറ്റാണ്ടിൽ വിവക്ഷിച്ചിരുന്നു. അതുകൊണ്ട് പത്രോസിന്റെ വാക്കുകൾ ഭാവിയെക്കുറിച്ചുള്ള പ്രവചനം മാത്രമായിരുന്നില്ല; അതിൽ തന്റെ ഉപദേശങ്ങളുടെ എല്ലാവശങ്ങളുമുൾപെട്ടിരുന്നു. "പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല ദൈവ കല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ. (2 പത്രോസ് 1–21) മേൽപറഞ്ഞ പത്രോസിന്റെ വാക്ക് പ്രവചന പുസ്തകങ്ങളെക്കുറിച്ചു മാത്രമല്ല പഴയനിയമത്തെ മൊത്തമായി പ്രതിപാദിക്കുന്നതാണ്. പുതിയ നിയമത്തിന്റെ ദൈവ നിശ്വാസീയതയെക്കുറിച്ചും അപ്പൊസ്തലന്മാരുടെ അധികാരത്തെക്കുറിച്ചും ഉള്ള വെല്ലുവിളിക്കെതിരെ പത്രോസിന്റെ ഏറ്റവും വലിയ പ്രതിരോധമാണ് 2 പത്രോസ് 1 ന്റെ 16 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്.

## 2 പത്രോസ് 2:1–3 (ചമെച്ചുണ്ടാക്കിയ കഥകൾ)

പത്രോസും, യൂദായും പ്രതിപാദിക്കുന്ന "പാപം ചെയ്ത ദൂതൻമാരെക്കുറിച്ച് എവിടെയാണ് നാം നോക്കേണ്ടത്.

തിരുവചനം പഠിക്കുന്നതിനുള്ള ഒന്നാമത്തെ നിയമം സന്ദർഭംകൂടി വായിക്കുക എന്നുള്ളതാണ്. എന്നാൽ പാപം ചെയ്ത ദൂതന്മാരെ കണ്ടുപിടിക്കുവാൻ ശ്രമിക്കുന്ന മിക്കവായനക്കാരും 2 പത്രോസ് 2:4–8 വരെയുള്ള ദൂതൻമാർ – ജലപ്രളയം – സോദോം ഈ രീതിയിൽ നോക്കുന്നു തുടർന്നുവരുന്നത് എന്താണെന്ന് അവർ ശ്രദ്ധിക്കാറില്ല. എന്നാൽ തുടർന്നുവരുന്ന ഭാഗം വളരെ വ്യക്തമാണ് അവർ ദ്രവ്യാഗ്രഹത്തിൽ കൗശലവാക്ക് പറഞ്ഞു നിങ്ങളെ വാണിഭം ആർക്കും (2 പത്രോസ് 2:3) [*In their greed these teachers will exploit you with Stories they have made up] (അവരുടെ ദ്രവ്യാഗ്രഹത്തിൽ ഈ



ദുരുപദേഷ്ടാക്കന്മാർ തങ്ങൾ മെനഞ്ഞെടുത്ത കഥകളെക്കൊണ്ട് നിങ്ങളെ ചൂഷണം ചെയ്യും*)

ഇത് ഒരിക്കൽ യിസ്രയേൽ മക്കളുടെ ഇടയിൽ ദുരുപദേഷ്ടം പ്രയോഗിച്ച കള്ള ഉപദേഷ്ടക്കൻമാരെപ്പോലെ അപ്പൊസ്തലൻമാരുടെ കാലത്തും ദുരുപദേഷ്ടാക്കൻമാർ പ്രചരിപ്പിച്ച കെട്ടുകഥകളെക്കുറിച്ച് നമുക്ക് മുന്നറിയിപ്പു തരുന്നതാണ്. യൂദായുടെ ലേഖനത്തിൽ സീനായ് മരുഭൂമിയിലെ വിശ്വാസ ത്യാഗത്തെക്കുറിച്ചുള്ള സമാന്തര കഥ ഇതിനെ ഉറപ്പിക്കുന്നതാണ്.

## 2 പത്രോസ് 2:4

പത്രോസ് ഇവിടെ ഹാനോക്കിന്റെ 1 ാം പുസ്തകം 10 ാം അദ്ധ്യായം 4 ാം വാക്യത്തിൽ പറയുന്ന 'പ്രധാന ദൂതനായ റഫായേൽ പാപം ചെയ്ത ദൂതൻമാരെ ചങ്ങലയിൽ ഇട്ട് അന്ധ തമസ്സിൽ സൂക്ഷിച്ചിരിക്കുന്നു' എന്ന ഭാഗത്തെയാണ് പ്രതിപാദിക്കുന്നത് or if God did not spare the angles who sinned, But Caste down to hell and delivered them in to chains of darkness to be reserve for Judgement] (പാപം ചെയ്ത ദൂതന്മാരെ ദൈവം വിട്ടുകളയാതെ അന്ധ തമസ്സിന്റെ ചങ്ങലയിട്ട് നരകത്തിലാക്കി ന്യായ വിധിക്കായി സൂക്ഷിച്ചിട്ടുണ്ട് എങ്കിൽ...) ഇവിടെ എങ്കിൽ എന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ് പത്രോസ് ഇവിടെ ഹാനോക്കിന്റെ പുസ്തകത്തിലെ ഈ കഥ ഒരു ചരിത്ര സംഭവമായി അംഗീകരിക്കുകയല്ല മറിച്ച് യുക്തി യുക്തമായ ഒരു ന്യായവാദം മുൻപോട്ട് വയ്ക്കുകയാണ്.

### 2 പത്രോസ് 2:5–8 പഴയ നിയമത്തിലെ ഉദാഹരണങ്ങൾ

പഴയനിയമത്തിലെ നോഹയുടെയും (ഉല്പത്തി 7, 9) സോദോമിന്റെയും (ഉല്പത്തി 19) ഉദാഹരണങ്ങളോടുകൂടെ ഹാനോക്കിന്റെ പുസ്തകത്തിലെ ചങ്ങലക്കിട്ട ദൂതന്മാരെക്കുറിച്ച് പറയുന്നതുകൊണ്ട് ഹാനോക്കിന്റെ പുസ്തകം ഉല്പത്തി പോലെ തന്നെ ആധികാരികമാണെന്ന് പത്രോസ് അംഗീകരിക്കുന്നില്ലേ എന്ന് ചിലർ ചോദി

ച്ചേക്കാം. എന്നാൽ യഥാർത്ഥത്തിൽ അങ്ങനെ ആകണമെന്നില്ലാ. ദൈവ നിശ്വാസീയമല്ലാത്ത ഹാനോക്കിന്റെ പുസ്തകത്തെ അപ്പോസ്തലൻ തന്റെ വാദഗതി ശരിയാണെന്ന് കാണിക്കുവാൻ ഉപയോഗിക്കുന്നതേയുള്ളു.

വീണുപോയ ദൂതന്മാരെ കുറിച്ചുള്ള കഥ അപ്പോസ്തലന്മാർ അംഗീകരിച്ചിരുന്നു എങ്കിൽ ദൂതൻമാർ എന്ന് തെറ്റിധരിക്കപ്പെട്ടിരിക്കുന്ന ഉല്പത്തിയിലെ ദൈവ പുത്രൻമാരെക്കുറിച്ച് പത്രോസ് എന്തുകൊണ്ടാണ് പ്രതിപാദിക്കാതിരുന്നത്? പകരം നോഹയേയും സോദോമിനേയും പാപം ചെയ്ത ദൂതന്മാരുടെ കഥയുടെ ഉറവിടം ആയി ഉല്പത്തി പുസ്തകത്തെ പത്രോസും, യൂദായും കാണാതിരുന്നത്, ഉല്പത്തിയിൽ ദൂതന്മാരുടെ കഥ ഇല്ലാത്തതുകൊണ്ട് തന്നെ.

യൂദായുടെ ലേഖനത്തിലെ സമാനമായ കഥയിൽ ദൈവ പുത്രന്മാർ നിത്യാഗ്നിക്കായി സൂക്ഷിച്ചിരിക്കുന്നു എന്നല്ല വെള്ളത്താൽ നശിപ്പിച്ചു എന്നാണ് നാം കാണുന്നത്. ഹാനോക്കിന്റെ കഥയിലെ ചങ്ങലയിടപ്പെട്ട അലഞ്ഞു നടക്കുന്ന നക്ഷത്രങ്ങൾ കത്തി എരിയുന്ന ആഴിയിൽ നശിപ്പിക്കപ്പെട്ടു എന്നാണ് കാണുന്നത്. ഹാനോക്ക് പറയുന്ന 200 ദൂതന്മാർ സങ്കല്പ പാത്രങ്ങളാണ് എന്നുള്ളതിന്റെ തെളിവാണ്. (1 ഹാനുക്ക് 21:7)

## 2 പത്രോസ് 2:9 ദൂതന്മാരെ ഭയപ്പെടേണ്ടതില്ല

പത്രോസ് ഇവിടെ തന്റെ വാദത്തിന്റെ പര്യവസാനത്തിലേക്ക് വരുകയാണ് ഹാനോക്ക് 10:4 ൽ പറയുന്നതുപോലെ ന്യായ വിധിക്കായി ദൈവം ദൂതൻമാരെ സൂക്ഷിച്ചിരിക്കുകയാണെങ്കിൽ മേൽപറഞ്ഞപാപം ചെയ്ത ദൂതന്മാരെക്കുറിച്ച് ഇനിയും ഭയപ്പെടേണ്ടതില്ലെല്ലോ "ദൂതന്മാർ പാപം ചെയ്തപ്പോൾ ദൈവം അവരെ വെറുതേ വിടാതെ... ന്യായവിധിക്കായി സൂക്ഷിച്ചിരിക്കുന്നു എങ്കിൽ കർത്താവ് ഭക്തൻമാരെ പരീക്ഷയിൽ നിന്നും വിടിവിപ്പാനും നീതികെട്ടവരെ ന്യായവിധി ദിവസത്തിലെ ദണ്ഡനത്തിനുമായി കാപ്പാനും അറിയുന്നുവല്ലോ. ("For if God did not Spare the angles who



sinned, but cast them down to hell and delivered them into chains of darkness to be reserved for judgment ...... then the Lord knows how to deliver the godly out of temptations and to reserve the unjust under panishment for the day of judgment")

Ron Abel എന്ന എഴുത്തുകാരന്റെ ഭാഷയിൽ മേൽപറയപ്പെട്ട ദൂതന്മാർക്ക് മനുഷ്യരുടെ മേൽ ഇത്രമാത്രം അപകടകരമായ സ്വാധീന ശക്തിയുണ്ടെങ്കിൽ അവരെ ദൈവം ചങ്ങലക്കിട്ടത് വെറുതെയായല്ലോ (ഇത്തരം ഒരുകൂട്ടം ദൂതന്മാരെക്കുറിച്ചു ഭയപ്പെടേണ്ടതില്ലന്ന് അർത്ഥം, പത്രോസ് അപ്പോസ്തലന്റെ കാലത്തും ഇക്കാലത്തും വീണുപോയ ദൂതന്മാരെക്കുറിച്ചുള്ള ഏറ്റവും പറ്റിയ മറുപടി ഇതു മാത്രമാണ്, ദൂതന്മാർ വിവാഹം ചെയ്യുന്നതിനെക്കുറിച്ച് ഹാനോക്കിന്റെ പുസ്തകത്തിൽ പറയുന്ന ഭാഗം ശരിയാണെങ്കിൽ അന്ധതമസ്സിൽ ചങ്ങലയ്ക്കിട്ട ദൂതന്മാരുടെ കാര്യവും ശരിയാകാം അവരെ ചങ്ങലയ്ക്കിട്ടിരിക്കുയായണെങ്കിൽ അവർ ജീവിച്ചിരിക്കുന്നവർക്കാർക്കും ഒരു ഭിഷണിയും അല്ലല്ലോ.

ചങ്ങലയിൽ നിന്നും വഴിതിപോയ ഒരുകൂട്ടം ദൂതന്മാർ ഉണ്ട് എന്നു വാദിക്കുന്നവർ ഉണ്ട്. അതിനു പ്രത്യേക തെളിവ് ഒന്നുമില്ല, തന്നെയുമല്ല 200 പേരെ ചങ്ങലയിട്ടപ്പോൾ വേറൊരുകൂട്ടം രക്ഷപെട്ടു പോയി എന്നു വിചാരിക്കുന്നത് യുക്തിക്ക് ഒട്ടും നിരക്കുന്നതല്ല. അടിസ്ഥാനപരമായി പത്രോസ് അപ്പോസ്തലന്റെ വാദവും ഇതുതന്നയാണ്. ഹാനോക്കിന്റെ പുസ്തകത്തിലെ ദൂതൻമാരുടെ കഥ ശരിയാണെങ്കിൽ തന്നെ തന്റെ ഭക്തന്മാരെ എങ്ങനെ പരീക്ഷയിൽ നിന്ന് രക്ഷിക്കാം എന്ന് ദൈവത്തിന് അറിയാം (2 പത്രോസ് 2:9) "വീണുപോയ ദൂതന്മാർ വേദപുസ്തകത്തിൽ ഇല്ലാത്ത ഒരു മിഥ്യയാണെന്നു ഉള്ളതിന്റെ തെളിവാണ് മേൽപറഞ്ഞത്.

## 2 പത്രോസ് 2:10–12 ബലവും ശക്തിയും ഏറിയ ദൂതന്മാർ

പാപം ചെയ്ത ദൂതന്മാരെക്കുറിച്ചു പ്രതിപാദിച്ചതിനു ശേഷം വരുന്ന ഭാഗങ്ങളിൽ ഹാനോക്കിന്റെ പുസ്തകത്തിനെതിരായി

പത്രോസിനുള്ള വാദഗതികളാണ് നാം കാണുന്നത് 'വീണുപോയ ദൂതന്മാരെസ്സംബന്ധിച്ചു തങ്ങളുടെ വിശ്വാസത്തിന് ഉപോൽബലക മായ വാക്യങ്ങൾ 2 പത്രോസിലും യൂദായിലും നോക്കുന്നവർ ഈ ഭാഗം വിട്ടുകളയുകായാണു ചെയ്യാറുള്ളത്.

A. 2 പത്രോസ് 2:10 ദുരുപദേഷ്ടാക്കന്മാർ സ്വർഗ്ഗീയ ദൂതന്മാരെ ക്കുറിച്ചു ദൂക്ഷണം പറയുന്നു.

B. 2 പത്രോസ് 2:11 യൂദാ . 9 ബലവും ശക്തിയും ഏറിയ ദൂതന്മാർ കർത്താവിന്റെ സന്നിധിയിൽ അവരുടെനേരേ ദൂഷണവിധി ഉച്ചരി ക്കുന്നില്ല.

C. 2 പത്രോസ് 2:12, യൂദാ,10 ദുരുപദേഷ്ടാക്കന്മാർ തങ്ങൾ അറി യാത്തതിനെ ദുഷിക്കുന്നു.

## 2 പത്രോസ് 2:10 ബലവും മഹിമയും

വിശേഷാൽ മലിന മോഹംകൊണ്ടു ജഢത്തെ അനുസരിച്ചു നട ക്കയും കർത്തൃത്വത്തെ നിന്ദിക്കയും ആധാഷ്ട്യമുള്ള തന്നിഷ്ടക്കാർ (These men, ദുരുപദേഷ്ടക്കന്മാർ) മഹിമകളെ (Celestial beings) ദുഷിപ്പാൻ ശങ്കിക്കുന്നില്ല. (2 പത്രോസ് 2:10)

'കർതൃത്വം' പുതിയനിയമത്തിൽ മറ്റുള്ള ഭാഗങ്ങളിൽ സ്വർഗ്ഗീയമായ അധികാരത്തെയും ശക്തിയെയും കാണിക്കുന്നു. (എഫെസ്യ. 1:21, കൊലോസ്യ. 1:16)

മഹിമകൾ (Celstial beings) എന്ന ബഹുവചനം ഈ അർത്ഥ ത്തിൽ പത്രോസും യൂദായും മാത്രമാണ് പുതിയ നിയമത്തിൽ ഉപ യോഗിക്കുന്നത്. 1 പത്രോസ് 1:11 ൽ ക്രിസ്തുവിന്റെ വരുവാനിരി ക്കുന്ന മഹത്വത്തെക്കുറിക്കുന്നു എന്നാൽ പഴയ നിയമത്തിൽ ഈ വാക്ക് ദൈവസന്നിധിയിലെ മഹിമയെയാണ് കാണിക്കുന്നത്.



"യഹോവേ ദേവന്മാരിൽ നിനക്കു തുല്യൻ ആര്? വിശുദ്ധിയിൽ മഹിമയുള്ളവനേ, സ്തുതികളിൽ ഭയങ്കരനേ, അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനേ, നിനക്കു തുല്യൻ ആർ?"

ഒന്നാം നൂറ്റാണ്ടിലെ യഹൂദ സാഹിത്യത്തിലും ഇതേ അർത്ഥ ത്തിൽ ഈ വാക്കുകാണാം. മോശ പറഞ്ഞു... "നിന്റെ രൂപത്തിന്റെ പ്രത്യക്ഷതയെ നോക്കുവാൻ എനിക്കു സാദ്ധ്യമല്ല; നിനക്കു ചുറ്റു മുള്ള മഹിമകളെ മാത്രം കാണുവാൻ എനിക്ക് അനുവാദം തരേ ണമേ." [Philo, On the special laws 1:45] "യഹോവ ലേവിയെ അനുഗ്രഹിച്ചു; അവന്റെ സാന്നിദ്ധ്യത്തിലെ ദൂതൻ എന്നെ അനുഗ്ര ഹിച്ചു; തന്റെ മഹിമകളുടെ ശക്തി ശിമയോനെ അനുഗ്രഹിച്ചു സ്വർഗ്ഗം രൂബേനെ അനുഗ്രഹിച്ചു, ഭൂമി ഇസ്സാഖാറിനെ അനുഗ്ര ഹിച്ചു" (യൂദായുടെ സുവിശേഷം 25:2) മേൽ പറയുന്ന മഹിമ കളും ശക്തിയും മനുഷ്യ ഭരണകൂടങ്ങളെക്കുറിച്ചല്ലെന്നു പത്രോസിന്റെ അടുത്ത വാക്യത്തിൽ മനസ്സിലാക്കാം (2:11)

## സ്വർഗ്ഗീയ ദൂതന്മാരെക്കുറിച്ചു ദൂഷണം പറയുന്ന മനുഷ്യർ

2 പത്രോസ് 2:10 ാം വാക്യവും അതിന്റെ സമാന വാക്യവും യൂദാ 8–ാം വാക്യവും രണ്ടു ലേഖനങ്ങളുടെയും സാരാംശം മന സ്സിലാക്കുന്നതിനുള്ള താക്കോൽ വാക്യങ്ങളാണ്. ദുരുപദേഷ്ടാക്ക ന്മാർ ദൈവ ദൂതന്മാർക്കെതിരെ ദൂഷണം പറയുന്നതായി രണ്ടെഴു ത്തുകാരും എടുത്തു പറയുന്നുണ്ട്.

## രണ്ടു വിധത്തിലാണ് അപവാദം

(a) അവർ ബലവും ശക്തിയുമേറിയ ദൂതന്മാരെ കുറ്റംവിധിച്ചു.
(b) അവരുടെ അപവാദം അടിസ്ഥാന രഹിതമായിരുന്നു.
എന്നാൽ അതിശയമെന്നു പറയട്ടെ, ഈ ദുരുപദേഷ്ടാക്കന്മാരുടെ കുറ്റാരോപണങ്ങൾ സത്യവിരുദ്ധമാണെന്നും ദൂതന്മാർ പാപം ചെയ്തില്ലെന്നും, ദൂതന്മാർ പാപം ചെയ്തെന്നുള്ള വാദം തെറ്റായ

കുറ്റാരോപണമാണെന്നുമുള്ള സ്പഷ്ടമായ വസ്തുത മൊത്ത മായും അവഗണിക്കുകയാണു സാധാരണ ചെയ്യുന്നത്.

“അങ്ങനെ തന്നെ ഇവരും (ദുരുപദേശഷ്ടാക്കന്മാർ) സ്വപ്നാവ സ്ഥയിലായി ജഡത്തെ മലിനമാക്കുകയും കർത്തൃത്വത്തെ തുച്ഛീ കരിക്കുകയും ‘മഹിമകളെ’ ദുഷിക്കയും (ദൂതന്മാരെക്കുറിച്ചു ദൂഷണം പറയുകയും) ചെയ്യുന്നു.” (യൂദാ, 8)

ദൂതന്മാർ സ്ത്രീകളുമായി ബന്ധപ്പെട്ടുവെന്നതു പോലെയുള്ള കുറ്റാരോപണങ്ങൾ ദൂഷണവാക്കുകളാണെന്ന് അപ്പോസ്തൊലന്മാർ തന്നെ വാദിക്കുമ്പോൾ, ആ ആരോപണം ശരിയാണെന്നുള്ളതിനു തെളിവായി എങ്ങനെ ആ വാക്യം ഉപയോഗിക്കും? ഹാനോക്കിന്റെ പുസ്തകത്തിലെ ആരോപണങ്ങൾ അപവാദങ്ങളാണെങ്കിൽ – ദൂത ന്മാർ മത്സരിച്ചു ഭൂമിയിലേക്കിറങ്ങിവന്നു ഭൂതങ്ങളെ ജനിപ്പിച്ചു വെന്നും മറ്റുമുള്ള കഥകൾ – അപ്രകാരമുള്ള കാര്യങ്ങൾ സംഭവി ച്ചില്ലെന്നുള്ളതിനു തെളിവായി പത്രോസിന്റെയും യൂദായുടെയും വാക്കുകൾ സ്വീകരിക്കേണ്ടതും ആ കെട്ടുകഥകൾ വിശ്വസിക്കയോ സഭകളിൽ പഠിപ്പിക്കയോ ചെയ്യാൻ പാടില്ലാത്തുതുമാണെന്നു സ്പഷ്ടമാണല്ലോ.

## 2 പത്രോസ് 2 :11 ദൂതന്മാർ തന്നെയും അപവാദം പറയുന്നില്ല.

മനുഷ്യർ ദൂതന്മാർക്കെതിരായി ദൂഷണം പറഞ്ഞതായി ആരോ പിക്കുന്നതുകൂടാതെ, യഥാർത്ഥ ദൂതന്മാർ അത്തരം അപവാദം പറ യുകയില്ലെന്നുകൂടി അപ്പോസ്തൊലന്മാർ തുടർന്നു വ്യക്തമാക്കു ന്നു.

“ബലവും ശക്തിയുമേറിയ ദൂതന്മാർ കർത്താവിന്റെ സന്നിധി യിൽ അവരുടെ നേരെ ദൂഷണവിധി ഉച്ചരിക്കാതിരക്കെ...” (2പ ത്രോസ് 2:11) യൂദായുടെ ലേഖനത്തിൽ മീഖായേൽ ദൂതനെക്കു



റിച്ചു ഇതേ വിധമാണു പറഞ്ഞിരിക്കുന്നത്, എന്നിട്ടും ഹാനോക്കിന്റെ പുസ്തകമനുസരിച്ച് മീഖായേൽ ദൂതന്റെ നേതൃത്വത്തിലാണ് വീണു പോയ ദൂതന്മാരെക്കുറിച്ചു ദൈവസന്നിധിയിൽ അപവാദം കൊണ്ടു വരുന്നത്.

“അനന്തരം മീഖായേൽ, യൂരിയൽ, റഫായേൽ, ഗബ്രിയേൽ എന്നീ ദൂതന്മാർ സ്വർഗ്ഗത്തിൽ നിന്ന് താഴേക്ക് നോക്കി ഭൂമിയിൽ രക്തച്ചൊരിച്ചിലും നിയമ രാഹിത്യവും വർദ്ധിച്ചിരിക്കുന്നതായി കണ്ടു അവർ അന്യോന്യം പറഞ്ഞു ‘അല്ലയോ സ്വർഗ്ഗീയ വിശുദ്ധന്മാരേ ഭൂമിയുടെ നിലവിളിയുടെ ശബ്ദം സ്വർഗ്ഗ കവാടത്തോളം എത്തി യിരിക്കുന്നു അത്യുന്നതന്റെ മുൻപിൽ ഞങ്ങളുടെ അപേക്ഷ എത്തി ക്കേണമേ’ അവർ കർത്താവിനോട് ഇപ്രകാരം അപേക്ഷിച്ചു കർത്താവും ദൈവാധി ദൈവവും രാജാധി രാജാവും ആയുള്ള ദൈവമേ ഞങ്ങളുടെ മഹത്വത്തിന്റെ സിംഹാസനം തലമുറയായി നില്ക്കുന്നതും അങ്ങയുടെ പരിശുദ്ധ നാമം മഹത്വമുള്ളതും അനു ഗ്രഹിക്കപ്പെട്ടതുമാകുന്നു അവിടുന്ന് എല്ലാറ്റിനേയും നിർമ്മിച്ചു അവി ടുത്തെ ശക്തി എല്ലാറ്റിലും വലിയത് അവിടുത്തെ കൺമുൻപിൽ എല്ലാം നഗ്നവും തുറന്നതുമായിരിക്കുന്നു അങ്ങ് എല്ലാം കാണുന്നു, ഒന്നും അവിടുത്തേക്ക് മറവായിരിക്കുന്നില്ല. അസാസേൽ ചെയ്ത പ്രവൃത്തിയും ഭൂമിയിൽ അവൻ പഠിപ്പിച്ച അകൃത്യങ്ങളും മനുഷ്യൻ അറിയുവാൻ ആഗ്രഹിച്ചു കൊണ്ടുമിരിക്കുന്ന സ്വർഗ്ഗീയ രഹസ്യ ങ്ങളെ അവൻ അധികാരം നല്കിയിരുന്ന ക്ഷമിഹസാ ചെയ്തതും അവിടുന്നു അറിയുന്നുവല്ലോ അവർ ഭൂമിയിലെ മനുഷ്യ പുത്രിമാ രുടെ അടുക്കൽ ചെന്നു അവരോടുകൂടെ തങ്ങളെതന്നെ മലിന മാക്കി എല്ലാത്തരത്തിലുള്ള പാപ പ്രവൃത്തികളും അവർക്ക് കാണി ച്ചുകൊടുത്തു. ആ സത്രീകൾ രാക്ഷസന്മാർക്ക് ജന്മം നല്കി ഭൂമി മുഴുവൻ രക്തം കൊണ്ടു അകൃത്യം കൊണ്ടും നിറച്ചു. (1 ഹാനോക്ക് 9:110)

ഇപ്രകാരം ഹാനോക്കിന്റെ പുസത്കം അനുസരിച്ച് മീഖായേലും മറ്റ് മൂന്ന് പ്രധാന ദൂതന്മാരുമാണ് ക്ഷമിഹസാ, അസാസേൽ എന്നി

വർക്ക് എതിരായി അരോപണം ഉന്നയിച്ചത്. എന്നാൽ മിഖായേൽ മുതലായ പ്രധാന ദൂതന്മാർ കർത്താവിന്റെ സന്നിധിയിൽ അപ്ര കാരം ആരോപണങ്ങൾ കൊണ്ടുവന്നില്ല എന്ന് പത്രോസ് പറയുന്നു. യൂദായുടെ ലേഖനത്തിൽ മീഖായേൽ പിശാചിനെപോലും (അപ വാദി) ദൈവ സന്നിധിയിൽ കുറ്റപ്പെടുത്തുന്നില്ല എന്നും കാണുന്നു. ചുരുക്കി പറഞ്ഞാൽ ഹാനോക്കിന്റെ പുസ്തകത്തിലെ മേൽ പറ ഞ്ഞ കഥകൾ വെറും പൊളിയാണെന്ന് സാരം ഈ അപവാദത്തിന്റെ കഥ തെറ്റാണെങ്കിൽ ദൂതന്മാർ പാപം ചെയ്ത കഥയും വാസ്തവ വിരുദ്ധം ആണ്.

പത്രോസ്, യൂദാ അപ്പസ്തലന്മാർ ദൂഷണ കർത്താക്കളായ ദൂരു പദേഷ്ടക്കൻന്മാരെ ദൈവദൂക്ഷണക്കാരായ മഹത്തുക്കളായി ന്യായം വിധിക്കുന്നു എങ്കിൽ വീണുപോയ ദൂതൻമാരെക്കുറിച്ചുള്ള കഥകൾ പഠിപ്പിക്കുന്ന ആധുനീക സഭകളുടെ ഗതി എന്തായിരിക്കും എന്നുള്ളത് വേദനാജനകമായ ഒരു ചിന്തയാണ്.

## 2 പത്രോസ് 2:12–14

തങ്ങൾക്ക് അറിഞ്ഞുകൂടാത്ത കാര്യങ്ങളെക്കുറിച്ച് തെറ്റായി പഠി പ്പിക്കുന്ന ഉപദേഷ്ടാക്കന്മാരെ ദൈവ ദൂക്ഷണക്കാരായി പത്രോസ് മുദ്രകുത്തുന്നു. ഇതിനു സമാനമായി യൂദായുടെ ലേഖനത്തിൽ ഇക്കാരണത്താൽ അവർ നശിച്ചു പോകുന്നു എന്ന് എഴുതിയിരി ക്കുന്നു തങ്ങൾക്ക് അറിയാത്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കു ന്നതിനാൽ അവർക്ക് നാശം സംഭവിക്കുന്നു എന്ന് സാരം (യുദാ 10)

## 2പത്രോസ് 2:15–16

തുടർന്ന് പത്രോസ് സംഖ്യാ പുസ്തകം 22 മുതൽ 24 വരെ യുള്ള അദ്ധ്യായങ്ങളിലെ ബിലയാമിന്റെ ഉദാഹരണം എടുത്തു കാണിക്കുന്നു. യൂദാ അപ്പോസ്തലൻ ഉല്പത്തി 4ാം അദ്ധ്യായത്തിലെ കയ്യീന്റെ ഉദാഹരണവും സംഖ്യാ 16 ലെ കോരഹിന്റെ ഉദാഹരണവും എടുത്തു കാട്ടുന്നു.



## 2 പത്രോസ് 2: 17

ഹാനോക്കിന്റെ പുസ്തകത്തിൽ നിന്നു തന്നെയുള്ള ശാസന പത്രോസ് ഉപയോഗിക്കുന്നു ഈ പ്രത്യേക പോയിന്റിൽ പത്രോസ് ഹാനോക്കിന്റെ പുസ്തകത്തിൽ നിന്നു തന്നെ മൂന്ന് ശാസനകൾ മേൽ പറഞ്ഞ ദൂരുപദേഷ്ടാക്കന്മാർക്ക് എതിരായി ഉപയോഗിക്കുന്നു "വരണ്ട നീരുറവകൾ" (1 ഹാനോക്ക് 18:5,. 41:4,5,.100:11–12) "അന്ധ തമസ്സിനായി സൂക്ഷിക്കപ്പെട്ടവർ" (1 ഹാനോക്ക് 21:3) ഈ ശാസന കൾ യൂദയുടെ ലേഖനത്തിൽ വളരെ വിശദമായി എഴുതിയിട്ടുണ്ട് അത് യിസ്രയേലിലെ കള്ള ഇടയൻമാരെക്കുറിച്ചുള്ള ഹാനോക്കിന്റെ വാക്കുകൾ ആണ്. "ഫലമില്ലാത്ത വൃക്ഷങ്ങൾ" (1 ഹാനോക്ക് 80:3) "കൊഴിഞ്ഞു പോയവർ" (1 ഹാനോക്ക് 83:4) 'നുരച്ചു തള്ളുന്ന തിര" (1 ഹനോക്ക് 101:35) സദാകാലത്തേക്കും അന്ധ തമസ്സ് സൂക്ഷി ച്ചുവച്ചിരിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ (1 ഹനോക്ക് 23:3) മേൽ പറഞ്ഞവയിൽ പാപം ചെയ്ത ദൂതൻമാരെക്കുറിച്ച് പറഞ്ഞി രിക്കുന്ന ഭാഷ ദുരുപദേഷ്ടാക്കന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഹാനോക്കിന്റെ പുസ്തകത്തിൽ നിന്ന് അസത്യങ്ങൾ പഠിപ്പിച്ചവരെ അതേ പുസ്തകത്തിലെ ഭാഷ ഉപയോഗിച്ച് സംബോധന ചെയ്തി രിക്കുന്നത് വിചിത്രമായി തോന്നിയേക്കാം, പഴയനിയമത്തിലെ വേറൊരു ഉദാഹരണം നോക്കുക, "വിഗ്രഹങ്ങൾ ഉണ്ടാക്കുന്നവർ അവയെ പോലെ തന്നെ, അതേ അവയിൽ ആശ്രയിക്കുന്ന ഏവനും അങ്ങനെ തന്നെ" (സങ്കീർത്തനം 115:10)

1 ഹാനോക്ക് 21 ന്റെ 3ൽ, നക്ഷത്രങ്ങൾ എന്നത് വീണുപോയ ദൂതന്മാരാണ് എന്നാൽ യൂദാ 13 ൽ "അലഞ്ഞു നടക്കുന്ന വക്രഗ തിയുള്ള നക്ഷത്രങ്ങൾ ഹാനോക്കിന്റെ പുസ്തകത്തിൽ നിന്ന് കെട്ടു കഥകൾ പഠിപ്പിക്കുന്ന കള്ള ഉപദേഷ്ടാക്കന്മാരാണ്. "അലഞ്ഞു നടക്കുന്നവർ" എന്നുള്ളവാക്ക് ഹാനോക്കിൽ നിന്നല്ല (ഹോശേയ 9:17) അവൻ എന്റെ ദൈവത്തെ അനുസരിക്കായ്കകൊണ്ട് അവൻ അവരെ തള്ളിക്കളയും; അവർ ജാതികളുടെ ഇടയിൽ ഉഴന്നു നട ക്കേണ്ടിവരും. "ചത്ത വൃക്ഷം" എന്നത് ഹോശേയ 9:16 ൽ നിന്നും

ആണ്. വീണുപോയ ദൂതന്മാരേക്കാൾ തെറ്റിപോകുന്ന യഹൂദ വിശ്വാസികളെക്കുറിച്ചായിരുന്നു അപ്പോസ്തൊലൻമാരുടെ ആശങ്ക.

## 2 പത്രോസ് 2:18–22 സ്വന്ത ഛർദ്ദിയിലേക്കു തിരിയുന്ന നായ

അഞ്ചുവാക്യങ്ങളിലായി അഞ്ചു പ്രാവശ്യം തങ്ങളുടെ പഴയ വിശ്വാസങ്ങളിലേക്ക് തിരിയുന്ന ദുരുപദേഷ്ടാക്കൻമാരെക്കുറിച്ച് പറയുന്നുണ്ട് ഈ അഞ്ചു പ്രാവശ്യവും തങ്ങളുടെ പഴയ വിശ്വാസങ്ങളിലേക്ക് ഈ ഉപദേഷ്ടാക്കന്മാർ തിരിഞ്ഞു പോകുന്നതായിട്ടാണ് പറയുന്നത് ചാവുകടൽ തീരത്തുനിന്നും കണ്ടെടുത്ത ഹാനോക്കിന്റെ പുസ്തകത്തിൽ ഉള്ള യഹൂദന്മാരുടെ വിശ്വാസത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്, യൂദായുടെ ലേഖനത്തിൽ ഇവരെ പിറുപിറുപ്പുകാർ എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. തങ്ങൾ വിട്ടുപോന്ന മിസ്രയിമിലേക്ക് തിരികെ പോകുവാൻ ആഗ്രഹിച്ച് സീനായ് മരുഭൂമിയിൽ മോശക്ക് എതിരായി പിറുപിറുത്ത യഹൂദന്മാരെക്കുറിച്ചാണ് ഇതുപറയുന്നത്.

## 2 പത്രോസ് 3:1–2

അവസാനമായി നാം പത്രോസിന്റെ സമാപന വാക്കുകളിലേക്ക് കടന്നുവന്നിരിക്കുകയാണ്. പഴയനിയമ തിരുവെഴുത്തുകളും പ്രവാചക പുസ്തകങ്ങളും ഹാനോക്കിന്റെ കെട്ടുകഥകളേക്കാൾ ആധികാരീകത ഉള്ളതായി പത്രോസ് അപ്പൊസ്തലനും പുതിയ നിയമ പുസ്തകങ്ങൾ ഹാനോക്കിന്റെ കെട്ടുകഥകൾക്കു മീതെ ആധീകാരികത ഉള്ളതായി യൂദാ അപ്പോസ്തൊലനും തർക്കമില്ലാതെ സ്ഥാപിക്കുന്നു.

## പര്യവസാനം

പത്രോസിന്റെ 2ാം ലേഖനവും, യൂദ അപ്പോസ്തൊലന്റെ ലേഖനവും പ്രതിപാദിക്കുന്ന "പാപം ചെയ്ത ദൂതന്മാരെക്കുറിച്ചുള്ള സത്യം എടുത്തു കാണിക്കുകയാണ് ഈ ചെറു പുസ്തകത്തിലൂടെ ചെയ്തത്". ഈ കെട്ടുകഥകൾ ഒന്നാം നൂറ്റാണ്ടിൽ വളരെ പ്രചാരം



സിദ്ധിച്ചവ ആയിരുന്നതിനാൽ പത്രോസും, യൂദായും മാത്രമല്ല ഇതിനെക്കുറിച്ചറിഞ്ഞിരുന്നത് എന്ന് അനുമാനിക്കാം താഴെ പറയുന്ന ഭാഗങ്ങൾ നോക്കുക "പുനരുദ്ധാനത്തിൽ അവർ വിവാഹം ചെയ്യുകയോ, വിവാഹത്തിന് കൊടുക്കപ്പെടുകയോ ചെയ്യുന്നില്ല; അവർ സ്വർഗ്ഗത്തിലെ ദൂതന്മാരേപോലെ അത്രേ. (മർക്കോസ് 12:24–25) "മരിച്ചവരുടെ പുനരുദ്ധാനത്തിൽ വിവാഹിതർ ആകുകയോ വിവാത്തിനു കൊടുക്കപ്പെടുകകയോ ചെയ്യുന്നില്ല അവർക്കിനി മരണവും ഇല്ല അവർ ദൂതൻമാരെപോലെ അത്രേ." (ലൂക്കോസ് 20:35–36) "ദൂതൻമാർ എല്ലാവരും രക്ഷപ്രാപിക്കുവാൻ ഉള്ളവർക്ക് വേണ്ടി അയയ്ക്കപ്പെട്ട സേവകാത്മാക്കൾ അല്ലയോ." (എബ്രയർ 1:14) "ദൂതന്മാരും അധികാരങ്ങളും ശക്തികളും അവനു കീഴ്പ്പെട്ടിരിക്കും" (പത്രോസ് 3:22) പത്രോസും, യൂദായും സ്ഥാപിക്കുന്നതുപോലെ ദൂതന്മാരെ കുറ്റം വിധിക്കുന്നവർ യഥാർത്ഥത്തിൽ അപവാദികളും ദൈവദൂഷണക്കാരും ആണ്. ദൂതന്മാർ വിവാഹിതർ ആയിഎന്നും പാപം ചെയ്തു എന്നും ഉറപ്പായി വിശ്വസിക്കുന്നവരും മേൽ ഉദ്ധരിച്ച വാക്യങ്ങൾ ശ്രദ്ധിക്കുന്നതേയില്ല.

യൂദായുടെ ലേഖനത്തിലെ 10 ാം വാക്യം വീണ്ടും ശ്രദ്ധിക്കുക ഈ വിഷയം വളരെ ഗൗരവമുള്ള ഒന്നാണ് കാരണം ദൂഷണക്കാരെക്കുറിച്ചു യൂദാ പറയുന്നത് ഈ വക കാര്യങ്ങൾ അവരെ നശിപ്പിക്കുന്നു എന്നാണ്.

സത്യവേദപുസ്തകത്തിൽ ദൂതൻമാരെക്കുറിച്ചുള്ള 288 ഭാഗങ്ങളിൽ എഴുതിയിരിക്കുന്ന സത്യം വിശ്വസിക്കുന്നത് എത്രയോ ശ്രേഷ്ടം ആണ്. അവർ (ദൂതന്മാർ) എല്ലാവരും രക്ഷപെടുവാൻ ഉള്ളവർക്കുവേണ്ടി അയയ്ക്കപ്പെട്ട സേവകാത്മാക്കൾ അല്ലയോ.

"യഹോവയുടെ ദൂതൻ തന്റെ ഭക്തൻമാർക്ക് ചുറ്റും പാളയം ഇറങ്ങി അവരെ വിടുവിക്കുന്നു." (സങ്കീർത്തനം 34:7)

**ചോദ്യങ്ങൾ**

1. സാത്താൻ വീണത് എന്നാണ് ?
2. യിസ്രായേലിനെ എണ്ണുവാൻ ദാവീദിനെ പ്രേരിപ്പിച്ചതാരാണ് ?
3. 'ഊമ'യായ അവസ്ത ആരാണുണ്ടാക്കിയത്.
4. യെശയ്യ 45:7 ലെ ആശയം വ്യക്തമാക്കുക.
5. സങ്കീർത്തനം 78:49 ലെ അനർത്ഥ ദൂദന്മാർ എന്തൊക്കെയാണ്?
6. ഉല്പത്തി 6:2 ലെ ദൈവ പുത്രന്മാർ ആര്?
7. 2 പത്രോസ് 2:4 ൽ പറയുന്ന പാപം ചെയ്ത ദൂതന്മാർ ആര്?
8. യൂദാ 13 ലെ വക്രഗതിയുള്ള നക്ഷത്രങ്ങൾ ആരായിരുന്നു?
9. കെട്ടുകഥകൾ എന്ന് പത്രോസ് പറഞ്ഞിരിക്കുന്നതെവിടെ?
10. യുദാ 14–ൽ ഒഴികെ എവിടെയാണ് ആദാം മുതൽ ഏഴാമനായ ഹാനോക്ക് എന്ന് പറഞ്ഞിരിക്കുന്നത്?



*Please write to the address below for*
***# Free monthly Bible magazine***
***# Bible correspondence course***
***# Details of local Bible seminars***

For Kerala, Tamil Nadu, and Karnataka:
**The Christadelphians, P.O. Box 535,**
**Frazer Town, Bangalore 560 005, India**

Elsewhere:

**The Christadelphians**
GPO. Box 159
Hyderabad AP 500 001
India